മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,

എഫ്6/10926/2023 കോഴിക്കോട്, തിയ്യതി. 04.04.2023

നഗരസഭയിലെ ശുചീകരണ തൊഴിലാളികൾ നടത്തുന്ന റോഡ് സ്വീപ്പിങ്ങിലൂടെ ലഭിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കൊണ്ടുപോകുന്നതിന് നഗരസമദ്ധ്യത്തിൽ സ്വന്തമായി ഡിപ്പൊ സൗകര്യമുള്ളതും സർക്കാർ അംഗീകാരമുള്ളതും പരിചയസമ്പന്നരുമായ ഏജൻസികളിൽ നിന്നും / വ്യക്തികളിൽ നിന്നും താൽപര്യപ്പത്രം ക്ഷണിക്കുന്നു.

1. റോഡ് സ്വീപ്പിങ്ങിലൂടെ ലഭിക്കുന്ന അജൈവപാഴ്വസ്തുക്കൾ ദിനംപ്രതി നഗരസഭ ഡിപ്പോയിൽ എത്തിക്കുന്നതായിരിക്കും. ടി അജൈവപാഴ്വസ്തുക്കൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് സൗജന്യമായോ അല്ലെങ്കിൽ കി.ഗ്രാമിന് തുക ക്വാട്ട് ചെയ്തോ താൽപര്യപ്പത്രം സമർപ്പിക്കേണ്ടതാണ്.

2. മാലിന്യങ്ങൾ നീക്കം ചെയ്യേണ്ട വാഹനങ്ങളും തൊഴിലാളികളെയും കരാർ ലഭിക്കുന്ന ഏജൻസി/ വ്യക്തി സ്വന്തം നിലയിൽ/ചെലവിൽ ഏർപ്പാട് ചെയ്യേണ്ടതാണ്. ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ മാത്രമെ അജൈവപാഴ് വസ്തുക്കൾ നീക്കം ചെയ്യാൻ പാടുള്ളൂ.

3. പി.സി.ബി മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ഉള്ളവർ മാത്രമെ അപേക്ഷിക്കേണ്ടതുള്ളൂ. പ്രസ്തുത മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തനപരിചയം ആവശ്യമാണ്.

4. പങ്കെടുക്കുന്നവർ 100000/- രൂപ ഇ.എം.ഡി ക്യാഷ് / ഡി.ഡി സമർപ്പിക്കേണ്ടതാണ്.

5. താൽപര്യപ്പത്രം 18/04/23 ന് 3 മണി സമയത്തിനകം കോർപ്പറേഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

6. തെരഞ്ഞെടുക്കുന്നവർ നിബന്ധനകൾക്ക് വിധേയമായി കരാർ വെയ്ക്കേണ്ടതും നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതുമാണ്.

**ഹെൽത്ത് സൂപ്പർവൈസർ**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ജി.എം.04.04.23